കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിങ്ങോം വായക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.1/1592/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തീയതി 19.11.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

പെരിങ്ങോം-വയക്കര ഗ്രാമ പഞ്ചായത്ത്

സർ,

| | |
|---|---|
| വിഷയം: | പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്ത് - 2017-18. സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് |

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിൽ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-1-ലെ 1-1, 1-13 ഭാഗം 2-ലെ 2-1, 2-2 ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ 3-1, 3-4, 3-9, ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഏയിംസ് വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ.എൻ.ആർ./സി.1/1592/2018 തിയ്യതി 19.11.2018

## കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിന്റെ

# 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.08.2017. മുതൽ 15.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ബി സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.07.2018 മുതൽ<br>27.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | 1.ശ്രീ.സത്യാനന്ദൻ സി.വി | ഓഡിറ്റ് ഓഫീസർ. |
| | | 2.ശ്രീമതി. റീന. പിട്ടൻ, | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | 3.ശ്രീ.ഗണേശൻ കേളോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | 4.ശ്രീമതി. സബിത.കെ | ഓഡിറ്റർ |

| | | | |
|---|---|---|---|
| | | 5.ശ്രീമതി. ധന്യ. എം, | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. നളിനി. കെ | 01.04.2017. മുതൽ 31.03.2018 വരെ |
| സെക്രട്ടറി | : | ശ്രീ.ഗോപി. എം.ടി | 01.04.2017 മുതൽ 06.12.2017 വരെ |
| | | ശ്രീ. എം.പി. ബാബുരാജ് (അസി.സെക്രട്ടറി,ഇൻ ചാർജ്ജ്) | 07.12.2017 മുതൽ 04.02.2018 വരെ |
| | | ശ്രീമതി. മഞ്ജൂഷ. പി.വി.കെ | 05.02.2018 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അഗ്രികൾചറൽ ഓഫീസർ | | ശ്രീ. മോഹനൻ. കെ.എം | 01.04.2017. മുതൽ 31.05.2017 വരെ |
| | | ശ്രീമതി. രസ്ന.കെ. പി | 01.06.2017. മുതൽ 29.08.2017 വരെ |
| | | ശ്രീമതി. നിഷ. ജി | 30.08.2017. മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജ്ജൻ | | ശ്രീ. ജെ .വിൻസെന്റ്. | 01.04.2017 മുതൽ 31.05.2017. വരെ |
| | | ശ്രീ.പ്രിയൻ അലക്സ്. | 01.06.2017മുതൽ 06.10.2017 വരെ |
| | | ശ്രീ. വിനീത്. സി. പണിക്കർ | 07.10.2017 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2018 വരെ |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി | | ഡോ. സലീല. കെ | 01.04.2017 മുതൽ 31.07.2017 വരെ |
| | | ഡോ. ജയറാം | 01.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | | ഡോ. രാഖി. ടി.പി. | 01.04.2017 മുതൽ 31.03.2018. വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ. സുനിൽകുമാർ. കെ | 01.04.2017മുതൽ 13.11.2017 വരെ |
| | | ശ്രീ. അരുൺ കുമാർ | 14.11.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | | ശ്രീമതി. വീഭ. വി | 01.04.2017 മുതൽ 31.03.2018. വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ. ദാമോദരൻ | 01.04.2017 മുതൽ 31.03.2018. വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ. ഗണേശൻ. എം.ടി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ. ബാബുരാജ് | 01.04.2017 മുതൽ 31.03.2018. വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | പദ്ധതി ആസൂത്രണം -അവലോകനം | 1-13 |
| | ഭാഗം-2 | |
| 14 | ഭരണസമിതി അംഗീകാരമില്ലാതെ കെട്ടിടങ്ങളുടെ വസ്തുനികുതി എഴുതി തള്ളുകയും ഇളവ് നൽകുകയും ചെയ്തു. | 2-1 |

| | | |
|---|---|---|
| 15 | ഡി ആന്റ് ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല | 2-2 |
| 16 | തൊഴിൽ നികുതി അപാകങ്ങൾ | 2-3 |
| | ഭാഗം-3 | |
| 17 | വനിതകൾക്ക് തുണി സഞ്ചി, പാള പ്ലേറ്റ് നിർമ്മാണം യൂണിറ്റ്-പദ്ധതി നിർവ്വഹണം ലക്ഷ്യം പ്രാപ്തിയിൽ എത്തിയില്ല | 3-1 |
| 18 | മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-2 |
| 19 | കേന്ദ്ര -സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതാണ്. | 3-3 |
| 20 | കർഷകതൊഴിലാളി പെൻഷൻ അപേക്ഷയിൽ സമയ ബന്ധിതമായി തീരുമാനം എടുക്കുന്നില്ല | 3-4 |
| 21 | നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് പരിപലിക്കുന്നില്ല | 3-5 |
| 22 | പെരിങ്ങോം വയക്കര പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം -തിരിച്ചേല്പിക്കാത്ത പുസ്തകങ്ങൾ തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-6 |
| 23 | ലീവ് സറണ്ടർ ചെയ്ത ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പ് സൂക്ഷിക്കേണ്ടതാണ്. | 3-7 |

| | | |
|---|---|---|
| 24 | വിദ്യാലയങ്ങൾക്ക് പത്രവിതരണം -രേഖകൾ മുഴുവനായും ഹാജരാകിയില്ല – 58000 രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 25 | ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രൊജക്ട് നടപ്പിലാക്കിയത് ക്രമവിരുദ്ധം – 25000 രൂപ തടസ്സപ്പെടുത്തുന്നു. | 3-9 |
| 26 | പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-നടപടിക്രമം പാലിച്ചില്ല. | 3-10 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വിതരണം -പർച്ചേസിംഗ് കമ്മറ്റി വിശദമായി ചർച്ച ചെയ്യുന്നില്ല.മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഹാജരാക്കിയില്ല. | 3-11 |
| 28 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്-അപാകങ്ങൾ | 3-12 |
| 29 | അങ്കണവാടി അവലോകനം | 3-13 |
| 30 | തരിശു ഭൂമി ഉപയുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-14 |
| | ഭാഗം-4 | |
| 31 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപം | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 480838 |
| വരവ് | 114294000 |
| ആകെ വരവ് | 114774838 |
| ചെലവ് | 114144400 |
| നീക്കിയിരിപ്പ് | 630438 |

2017-18 വർഷത്തെ ബജറ്റ് 31.03.2017-ലെ തീരുമാനം നമ്പർ 107/2017 പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള

വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് .എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കാൻ നടപടിയെടുക്കേണ്ടതാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണമെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ് -1(എ) 1 നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആദ്യ ആഴ്ച കഴിഞ്ഞതിന് ശേഷം ( 10-3-2017 ൽ) മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. ബജറ്റ് 31-3-2017 തീയതിയിലെ 107/2017തീരുമാന പ്രകാരം ഭരണസമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഉപവകുപ്പ് -1(എ) 7 പ്രകാരം ബജറ്റിന്റെ പകർപ്പ് ഓഡിറ്റിന് അയച്ചുകൊടുക്കേണ്ടതാണെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന സമിതി എന്ന നിലയിൽ വകുപ്പ് 162 -ബി പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റിയറിംഗ് കമ്മിറ്റി മേൽ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും. പുതുക്കിയ ബജറ്റ് അവതരിപ്പിച്ചിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 28-05-2018 | തിരിച്ചയച്ചിട്ടില്ല | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 04.07.2018, 05.07.2018 | കെ എസ് എ കെ എൻ ആർ സി1-1371/2018 തീയതി 13-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8180182 |
| വരവ് | 69715273 |
| ആകെ | 77895455 |
| ചെലവ് | 66220636 |
| നീക്കിയിരിപ്പ് | 11674819 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,89,98,442 | 1,89,98,442 | 1,81,98,595 | 7,99,847 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 30,03,165 | 30,03,165 | 30,03,165 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,07,45,520 | 1,,07,45,520 | 83,09,571 | 24,35,949 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 44,95,405 | 44,95,405 | 30,16,639 | 14,78,766 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 95,79,605 | 95,79,605 | 95,79,605 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 31,41,701 | 31,41,701 | 15,83,047 | 15,58,654 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 291 | 27931 | 28222 | 27931 | 291 |
| ദുരിതാശ്വാസനിധി | | 5443 | 3536 | 8979 | 5500 | 3479 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 15885550 | 15885550 | 15885550 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1015 | 1097007 | 1098022 | 1096219 | 1803 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| TSC | | 2790000 | 2875000 | 5665000 | 1012405 | 4652595 |
| ICDS | | 200034 | 1012633 | 1212667 | 458567 | 754100 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 627500 | 627500 | 627500 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 160000 | 160000 | 160000 | 0 |
| ബി ഫണ്ട് | തൊഴിലില്ലായ്മ വേതനം | 0 | 77640 | 77640 | 77640 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 23574900 | 23574900 | 23574900 | 0 |
| | കർഷകതൊഴിലാളി പെൻഷൻ | 0 | 6804800 | 6804800 | 6804800 | 0 |
| | വിധവാപെൻഷൻ | 0 | 15871900 | 15871900 | 15871900 | 0 |
| | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 782300 | 782300 | 782300 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | വികലാംഗപെൻഷൻ | 0 | 3641500 | 3641500 | 3641500 | 0 |
| | വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 420000 | 420000 | 420000 | 0 |
| | നെൽകൃഷിക്കുള്ള കൂലിചെലവ് | 0 | 15000 | 15000 | 15000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8180182 | 69715273 | 77895455 | 66220636 | 11674819 |

കുറിപ്പ്:- ജി.പി.ജി തുക ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ മറ്റ് ഫണ്ടുകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റെ മാത്രമായിട്ടുള്ള വിനിയോഗ വിവരം ലഭ്യമല്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 6,94,15,630 | 108 | 5,04,63,824 | 10 | 37 | 69.67 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)വനിതകൾക്ക് തുണി സഞ്ചി പാള പ്ലേറ്റ് നിർമ്മാണ യൂണിറ്റ് (പ്രൊജക്ട്. നം. 155/18)

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1015 | 1097007 | 1098022 | 1096219 | 1803 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15885550 | 15885550 | 15885550 | 0 |
| | 1015 | 16982557 | 16983572 | 16981769 | 1803 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77,640 | 133 |
| കർഷകതൊഴിലാളി പെൻഷൻ | 6804800 | 571 |
| വിധവാപെൻഷൻ | 15871900 | 1327 |
| വാർദ്ധക്യകാലപെൻഷൻ | 23574900 | 1915 |
| വികലാംഗപെൻഷൻ | 3641500 | 306 |
| അവിവാഹിത പെൻഷൻ | 782300 | 66 |
| വിവാഹധനസഹായം | 420000 | 14 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5051/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജീവനക്കാർക്ക് കൃത്യമായ ചുമതലാ വിഭജനം ഓഫീസ് ഓർഡർ വഴി നല്കുന്നുണ്ട്. പ്രതിമാസ മീറ്റിംഗ് നടന്നിട്ടുണ്ട്. കൃത്യമായി ആവശ്യമായ നിർദേശങ്ങൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. വാങ്ങൽ കമ്മറ്റിയിൽ വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പു വരുത്താത്തത് അപാകമാണ്. പർച്ചേസ് ചെയ്യുന്ന സാധനങ്ങൾക്കനുസരിച്ച് ഗുണമേന്മ

ഉറപ്പ് വരുത്താൻ ക്ഷമതയുള്ളവരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തേണ്ടതും വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതും അടുത്ത വർഷത്തേക്കുള്ള സ്റ്റോക്ക് ആവശ്യകത കണക്കാക്കുന്നതിന് മുൻവർഷങ്ങളിലെ ഉപയോഗത്തിനനുസരിച്ചുള്ള കണക്ക് തയ്യാറാക്കുന്നതിനുള്ള നടപടികളുണ്ടാകാത്തതും അപാകമാണ്.

ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ഉണ്ടാകുന്നത് ഉചിതമായിരിക്കും. ഐസിഡിപി സബ്സെന്ററുകളിലേയും മറ്റും ഉദ്യോഗസ്ഥ വിന്യാസവും ചുമതലാ വിഭജനവും സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനാ വിധേയമാക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതുമുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പരിഷ്ക്കരണം സംബന്ധിച്ച ടെസ്റ്റ് ചെക്കിംഗ് നടത്തി അപാകങ്ങൾ കണ്ടെത്തുന്ന പക്ഷം പരിഷ്ക്കരണം സംബന്ധിച്ച വിശദമായ പരിശോധന നടത്താൻ നിർദ്ദേശം നല്കേണ്ടതുമാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതിലേക്ക് ഭരണ സമിതിയുടേയും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.06.2018 | മെയ് 2018 വരെ | 28.06.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2014 | 2013-14 | 16.07.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

| | |
|---|---|
| 1 | വസ്തു നികുതി- സാംഖ്യ സഞ്ചയ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ 2016-17 ലെ കുടിശ്ശിക (ബി 15) , തൻവർഷത്തെ ഡി സി ബി ( അരിയർ, കറണ്ട്) ഇവ രേഖപ്പെടുത്തിയതിലും പൊരുത്തക്കേടുണ്ട്. |
| 2 | ഐ സി ഡി എസ് കേന്ദ്ര വിഹിതം , സമ്പൂർണ്ണ ശുചിത്വ പദ്ധതി തുടങ്ങി വിവിധ ഏജൻസികളിൽ നിന്ന് ലഭ്യമായ ഗ്രാന്റുകൾ സംബന്ധിച്ച വരവു ചെലവുകൾ രേഖപ്പെടുത്തുന്ന എസിആർ എഴുതി സൂക്ഷിച്ചിട്ടില്ല. മുൻവർഷം ഓ ഡി എഫ് പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചത് സർക്കാർ ഉത്തരവു പ്രകാരമുള്ള സമയപരിധിക്കകം ചെലവഴിക്കാതെ |

| | |
|---|---|
| | നിലവിലും ടി എസ് സി നീക്കിയിരിപ്പായി രേഖപ്പെടുത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്. |
| 3 | ബി 14 പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് ഇല്ല . ആയത് വാർഷിക സ്റ്റോക്ക് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ തയ്യാറാക്കിയത് എന്ന് വ്യക്തമാക്കേണ്ടതാണ്. |
| 4 | B-11,I- 17(a), RP 38 ഇവ പ്രകാരമുള്ള ആസ്തി മൂല്യം , ഡിപ്രീസിയേഷൻ വിവരങ്ങൾ തയ്യാറാക്കിയതുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്ത് ആസ്തിയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടില്ല |
| 5 | B9 ഷെഡ്യൂളിൽ liability in respect of stale cheque ആയി രേഖപ്പെടുത്തിയ 9650രൂപ മുൻവർഷങ്ങളിൽ വന്ന uncashed cheque ആണ്. ആയത് അതാത് ഹെഡിലേക്ക് മാറ്റാതെ തൻവർഷവും B9 ൽ തന്നെ രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. |
| 6 | CGST,SGST ഇനങ്ങളിലായി 2017-18 വർഷം നീക്കിയിരിപ്പായി ബി 9ഷെഡ്യൂളിൽ രേഖപ്പെടുത്തിയത് 49425രൂപ വീതമാണ്. ഇതിൽ ഏപ്രിൽ മാസം അടവാക്കിയത് 47746 രൂപ വീതമാണ്. ബാക്കി തുക സമയപരിധിക്കകം ഒടുക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. |
| 7 | പെൻഷൻ കോൺട്രിബ്യൂഷൻ പേയബിൾ - ബി 9 പ്രകാരം 62974രൂപയും 2018 ഏപ്രിൽ മാസം അടവാക്കിയ തുക 59978രൂപയുമാണ്. അടവാക്കാൻ ബാക്കിയുള്ള തുക ഏതിനത്തിലുള്ളതാണെന്ന് അറിയിക്കേണ്ടതാണ് |

# 1-13 പദ്ധതി ആസൂത്രണം -അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് പട്ടിക 3 ൽ ഗ്രാമപഞ്ചായത്ത് അനുവർത്തികക്കേണ്ട ചുമതലകളെ പറ്റി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലകാലങ്ങളായി ഏൽപ്പിച്ചുകൊടുക്കുന്നതുമായചുമതലകൾ നിറവേറ്റുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ(2017-22) ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)നം.72/തസ്വഭവ,തീ.29.03.17) ഉത്തരവിലെ അനുബന്ധം ഖണ്ഡിക 2 ൽ പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം മുതൽ നടത്തിപ്പ് വരെയുള്ള ഒമ്പത് ഘട്ടങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.ആസൂത്രണ സമിതിയുംവർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ

(എ) ആസൂത്രണസമിതി

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ,വികസനരേഖ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം

പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത ഉത്തരവിൽ ആസൂത്രസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും

16-01-2017 ന് മുമ്പായി രൂപീകരിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. 19-01-2017 തീയതിയിലെ 4/2017 നമ്പർ തീരുമാനപ്രകാരം 12 അംഗ ആസൂത്രണ സമിതിയും ,12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകകരിച്ചിട്ടുണ്ട്.

2017-18 പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി ആകെ മൂന്ന് യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഇതിൽ രണ്ടാമത്തേയും മൂന്നാമത്തേയും യോഗത്തിൽ പങ്കെടുത്തവരുടെ ഒപ്പ് രേഖപ്പെടുത്തിയതല്ലാതെ അജണ്ട രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ ജനറൽ മിനുട്സിന്റെ കൂടെ എഴുതിയ ആസൂത്രണസമിതി യോഗത്തിന്റെ മിനുട്സ് ഹാജരാക്കിയിട്ടുണ്ട്. 27-02-2017 തീയതിയിൽ കരട് വികസനരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് യോഗം തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

04-03-2017-ലെ യോഗത്തിൽ കരട് വികസനരേഖ തയ്യാറാക്കുന്നതിൽ കൂടുതൽ പുരോഗതി ആവശ്യമാണെന്ന കാര്യം മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം ഒഴികെ മറ്റു വിവരങ്ങളൊന്നും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും നിർണ്ണായക ചുമതലകളുള്ള ആസൂത്രണസമിതിയുടെ പ്രവർത്തനം മിനുട്സിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഈ കാര്യം ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് ഉചിതമല്ല

(ബി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ,വികസനരേഖ തയ്യാറാക്കൽ എന്നീ രണ്ട് ഘട്ടങ്ങളുടെ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ ഊരുക്കൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസനസെമിനാറിന്റേയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കീംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ട് പ്രധാനചുമതലകൾ. പഞ്ചായത്തിന്റെ 30-01-2017 തീയതിയിലെ 16/2017(2) തീരുമാനപ്രകാരം 12 വർക്കീംഗ് ഗ്രൂപ്പുകൾ ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്.

പൊതുവെ വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളിലും തീരുമാനങ്ങളിലും പദ്ധതി നടത്തിപ്പുമായി നേരിട്ട് ബന്ധപ്പെടുന്നകാര്യങ്ങൾ മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളിൽ വിവിധ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതിന്റെ വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുന്നില്ല. തീരുമാനങ്ങൾ മാത്രം അവസാനം രേഖപ്പെടുത്തുന്ന അവസ്ഥയാണ് നിലവിലുള്ളത്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലയുമായി ബന്ധപ്പട്ട കാര്യങ്ങളും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ പെടുന്ന മറ്റ് കാര്യങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

2.വികസനരേഖ തയ്യാറാക്കൽ

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാരേഖയിലെ സ്ഥിതിവിവരകണക്കുകളും പ്രൊജക്ടുകളെ സംബന്ധിച്ച നിഗമനങ്ങളും

വിശദമായി തന്നെ വികസനരേഖയിൽ പ്രതിഫലിക്കുന്നുണ്ട്.

3.ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ

പദ്ധതി ആസൂത്രണത്തിലെ മൂന്നാം ഘട്ടമെന്ന് പറയുന്നത് ഗ്രാമസഭകൾ / ഊരുക്കൂട്ടങ്ങൾ യോഗം ചേരൽ എന്നിവയാണ്. 2017-18 വർഷം 16 ഗ്രാമസഭകളും 4 വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്

| ഒന്നാം ഗ്രാമസഭ | രണ്ടാം ഗ്രാമസഭ | മൂന്നാം ഗ്രാമസഭ | നാലാം ഗ്രാമസഭ |
|---|---|---|---|
| 2017-18 വാർഷിക പദ്ധതികളുടെ കരട് ലിസ്റ്റ് ചർച്ച ചെയ്യൽ | വ്യകതഗത ഗ്രൂപ്പ് ഗുണഭോക്തൃ ലിസ്റ്റ് അവതരിപ്പിക്കൽ | ലൈഫ് പദ്ധതി ഗ്രൂപ്പ് ,എൻ ആർ ഇ ജി എ സോഷ്യൽ ഓഡിറ്റ്(16-17),വാർഷിക പദ്ധതി ഭേദഗതി അംഗീകരിക്കൽ | 018-19 പദ്ധതി രൂപീകരണം ,2017-18 പദ്ധതി അവലോകനം |

ഗ്രാമസഭയിലെ ശരാശരി ഹാജർനില 14% നും 16% നും ഇടയിലാണ്. ഗ്രാമസഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4.വികസന സെമിനാർ

03-05-2017 തീയതിയിൽ നടന്ന വികസനസെമിനാറിൽ 191 പേർ പങ്കെടുത്തിട്ടുണ്ട് . വികസനസെമിനാറിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കേണ്ട 151 പദ്ധതികളെ സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട് . വികസനസെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച നടന്നിട്ടുണ്ടെന്നും പദ്ധതിയുടെ പൊതുവായ വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ എന്നിവ ചർച്ച ചെയ്തിട്ടുണ്ടെന്നും ഓഡിറ്റിന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

5.വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടിന്റെ അടങ്കൽ തുകയെ കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടില്ല. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാധ്യതകൾ പരിശോധനാ വിധേയമാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളായ പദ്ധതി ആസൂത്രണത്തിൽ വിഭവസ്രോതസുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക ,പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തിയതായും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശുപാർശ ചെയ്ത പ്രകാരം തയ്യാറാക്കിയ പ്രൊജക്ടുകളുടെ നിയമസാധുത പൂർണ്ണമായും ഉറപ്പുവരുത്തിയെന്ന് പറയാൻ കഴിയില്ല. ഉദാഹരണം കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 166 പട്ടിക3 പ്രകാരം

ഗ്രാമപഞ്ചായത്തിന്റെ ചുതലയിൽ ഉൽപ്പെടാത്ത എസ് എസ് എൽ സി ,പ്ലസ് ടു വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് (പ്രോജക്ട് നമ്പർ 60/18), എന്ന പ്രൊജക്ട് നടപ്പിലാക്കിയത് . തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നൽകിയിട്ടുള്ള വിഷയങ്ങൾക്ക് പ്രാബല്യത്തിലുള്ള നിയമങ്ങളും ഉത്തരവുകളും മാർഗ്ഗനിർദേശങ്ങളും അവലംബിച്ചുകൊണ്ടും സർക്കാർ നിർദേശിച്ചിട്ടുള്ള ധനവിനിയോഗ നിബന്ധനകളും ആസൂത്രണ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടുമാണ് പ്രൊജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വികസനസ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണനടപടികൾ നടപടികൾ ചർച്ച ചെയ്തിട്ടുണ്ട്

മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മറ്റികൾ,സ്റ്റിയറിംഗ് കമ്മറ്റി, ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ സമന്വയിപ്പിച്ച് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതി നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. തൻവർഷം 38 യോഗങ്ങൾ ഭരണസമിതി ചേർന്നിട്ടുണ്ടെങ്കിലും 16 അംഗങ്ങളും പങ്കെടുത്ത 8 യോഗങ്ങളാണ് നടന്നിട്ടുള്ളത്. യോഗങ്ങളിൽ ആരും തന്നെ പ്രമേയങ്ങൾ അവതരിപ്പിച്ചിട്ടില്ല.

6.പ്രൊജക്ടുകൾ തയ്യാറാക്കൽ.

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രൊജക്ട് നിർദേശങ്ങളും ആദ്യം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കുകയും തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തിട്ടുണ്ട്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങളിലെ ഖണ്ഡിക 6.2 പ്രകാരം സുലേഖ സോഫ്റ്റ് വെയറിൽ പതിവു രീതിയിൽ പ്രൊജക്ടിന്റെ കണക്കുകൾ നൽകുന്നതിനോടൊപ്പം പ്രൊജക്ടിനെ കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിന് ലളിതമായ ഭാഷയിൽ ഒരു പ്രൊജക്ട് നിർദേശം കൂടി തയ്യാറാക്കി ചേർക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ പല നിർവ്വഹണോദ്യോഗസ്ഥരും ഈ നിർദേശം പാലിച്ചതായി കാണുന്നില്ല. നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കിയിട്ടുള്ള പ്രൊജക്ട് വർക്കിംഗ് ഗ്രൂപ്പ് ചെയർ പേഴ്സണും കൺവീനറും സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന നിർദേശം പാലിച്ചിട്ടില്ല.

7.വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

താഴെ കൊടുത്ത പ്രകാരം ജില്ല ആസൂത്രണ സമിതിയിൽ നിന്നും പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 155 |
| പുതിയ പ്രൊജക്ടുകൾ | 119 |

| | |
|---|---|
| സ്പിൽ ഓവർ പ്രൊജക്ടുകൾ | 36 |
| ആകെ അടങ്കൽ | 69415630 |
| പൊതു വിഭാഗം | 146 |
| പട്ടികജാതി വിഭാഗം | 9 |
| പട്ടികവർഗ്ഗ വിഭാഗം | 0 |
| നൂതന പ്രൊജക്ടുകൾ | തയ്യാറാക്കിയിട്ടില്ല. |

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 ൽ പരാമർശിച്ച പ്രകാരമുള്ള നൂതന പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല.

8.പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചയുടനെ തന്നെ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് അയച്ച് നൽകിയിട്ടുണ്ട്. പ്രസ്തുതവെറ്റിംഗ് ഉദ്യോഗസ്ഥർ ഓരോ പദ്ധതികളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നവയാണെന്ന് വിലയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് പരിശോധനക്ക് ശേഷം സാമ്പത്തികാധികാരപരിധിക്ക് വിധേയമായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

9.വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണോദ്യോഗസ്ഥർ ഇനം തിരിച്ചുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | ആരംഭിച്ചവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 10 | 08 | 80 | 4258885 | 38710446 | 90 |

| | | | | | | |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 09 | 09 | 100 | 3974675 | 3974675 | 100 |
| വെറ്റിനറി | 04 | 04 | 100 | 5774000 | 5414000 | 93 |
| മെഡിക്കൽ ഓഫീസർ (ആലോപ്പതി) | 3 | 3 | 100 | 509000 | 457604 | 89.90 |
| മെഡിക്കൽ ഓഫീസർ (ആയ്യൂർവേദം) | 3 | 3 | 100 | 922400 | 921255 | 99.87 |
| വി ഇ ഒ | 15 | 12 | 80 | 6367319 | 5258867 | 82.59 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 05 | 05 | 100 | 6291767 | 5691729 | 90 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 96 | 64 | | 38890690 | 22449589 | 57.72 |
| അസിസ്റ്റന്റ് സെക്രട്ടറി | 02 | 02 | 100 | 918600 | 916765 | 99.80 |
| ഹെഡ് മാസ്റ്റർ | 08 | 08 | 100 | 1508294 | 1508294 | 100 |
| ആകെ | 155 | 118 | 76 | 69415630 | 50463824 | 72.69 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 14.7 പ്രകാരം പദ്ധതി നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഒരു സമയപട്ടിക നിശ്ചയിക്കേണ്ടതും നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലേയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീയാക്കുന്നതിന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അപ്രകാരമുള്ള സമയപട്ടിക നിശ്ചയിച്ചിട്ടില്ല.

പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് യഥാസമയം തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. മൃഗസംരക്ഷണം ,ഹെഡ്

മാസ്റ്റർ ,വി ഇ ഒ , മെഡിക്കലാഫീസർ പി എച്ച് സി (ആലോപ്പതി),മെഡിക്കലാഫീസർ ആയുർവേദം എന്നീ നിർവ്വഹണോദ്യേഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസനകാഴ്ചപ്പാട് ,നയസമീപനം ,തന്ത്രം എന്നിവ കണക്കിലെടുത്താണ് വാർഷിക പദ്ധതി തയ്യാറാക്കേണ്ടതെന്നും ഇക്കാര്യം ജില്ല ആസൂത്രണസമിതി പ്രത്യേകം പരിശോധിക്കേണ്ടതാണെന്നും പദ്ധതിമാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഇവ തയ്യാറാക്കേണ്ടത് പ്രധാനമായും വികസനരേഖയുടെ അടിസ്ഥാനത്തിലാണ്. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ മേഖലയുടേയും വികസനത്തിൽ പഞ്ചായത്ത് നടത്തുന്ന ഇടപെടലുകളെ നയിക്കേണ്ട അടിസ്ഥാന സമീപനം, ലക്ഷ്യങ്ങൾ, വിഭവസ്രോതസ് എന്നിവ കണക്കിലെടുത്ത് പദ്ധതി വർഷത്തേക്കുള്ള കരട് പ്രൊജക്ട് നിർദേശങ്ങൾ, സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ഇത് അടിസ്ഥാനമാക്കിയാണ് വികസനരേഖ തയ്യാറാക്കേണ്ടതും അത് പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതും. എന്നാൽ പല വർക്കിംഗ് ഗ്രൂപ്പ് നിർദേശങ്ങളും പദ്ധതി തയ്യാറാക്കുന്ന വേളയിൽ പരിഗണിക്കപ്പെട്ടിട്ടില്ലെന്ന് കാണുന്നു. ഇത് കാരണം പല മേഖലകളിലും ആനുപാതിക വികസനം ലഭ്യമായിട്ടില്ല.

പൗരാവകാശരേഖ തയ്യാറാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 272 എ അനുസരിച്ച് എല്ലാ പഞ്ചായത്തുകളും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ് . പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതുപ്രകാരം അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രിക ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടില്ല. പ്രൊജക്ട് നമ്പർ 29/2018 പ്രകാരം പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിന് 24000 രൂപ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല. പൗരാവകാശരേഖ ഹാജരാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തേണ്ടതും ആയതിന് അനുസൃതമായി സേവനം ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഭരണസമിതി അംഗീകാരമില്ലാതെ കെട്ടിടങ്ങളുടെ വസ്തുനികുതി എഴുതി തള്ളുകയും ഇളവ് നൽകുകയും ചെയ്തു.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതിയിൽ 6620 രൂപ എഴുതി തള്ളുകയും 30882 രൂപ ഇളവ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വസ്തുനികുതിയിൽ എഴുതി തള്ളിയതും ഇളവ് നൽകിയതുമായ വിവരം ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതായിരുന്നു. വസ്തുനികുതി എഴുതി തള്ളിയതിന്റേയും ഇളവ് നൽകിയതിന്റേയും

തുക കുറവ് ചെയ്ത് മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയത് പ്രകാരം വസ്തുനികുതി ഇനത്തിലെ ആകെ ഡിമാന്റ് വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഇനത്തിലെ എഴുതി തള്ളൽ രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 35 കെട്ടിടങ്ങൾക്ക് 6620 രൂപ എഴുതി തള്ളിയിട്ടുണ്ട്. അതുപോലെ തന്നെ വസ്തുനികുതി ഇനത്തിൽ ഇളവ് നൽകിയതിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 70 കെട്ടിടങ്ങൾക്ക് 30882 രൂപ ഇളവ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് തീരുമാനം നമ്പർ 8/2018 തീയതി 27-01-2018 , 26/2018(2) തീയതി 23-03-2018 പ്രകാരം യഥാക്രമം എഴുതി തള്ളിയത് ആകെ 26 കെട്ടിടങ്ങൾക്ക് 6505രൂപയുടെ അംഗീകാരം മാത്രമേ നൽകിയിട്ടുള്ളൂ. 9 കെട്ടിടങ്ങളുടെ വസ്തുനികുതി എഴുതി തള്ളിയത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഇളവ് നൽകിയ 3 കെട്ടിടങ്ങൾക്ക് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഇവ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും ആയത് തുടർന്നുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർവർഷങ്ങളിൽ ഇപ്രകാരം എഴുതി തള്ളുന്ന/ഇളവ് നൽകുന്ന മുഴുവൻ കെട്ടിടങ്ങളുടേയും അംഗീകാരം വാങ്ങിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകളുടെ പരിശോധനയിൽ പല അപേക്ഷകളും സമർപ്പിച്ചത് സമയപരിധി പാലിക്കാതെയാണ്. ഏതാനും ഉദാഹരണണം ചുവടെ പട്ടികയിൽ കൊടുക്കുന്നു

| ക്രമനം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | വ്യപാര ഇനം | റസീറ്റ് നമ്പർ /തീയതി |
|---|---|---|---|---|
| 1 | സി ലളിത | 29-11-17 | ബേക്കറി | 117040103375/27-12-2017 |
| 2 | പി ജെ ചാക്കോ | 27-11-17 | വെൽഡിംഗ് ഷോപ്പ് | 117040102955/13-12-17 |
| 3 | പി കുഞ്ഞിരാമൻ | 30-11-17 | ഓയിൽ/ഫ്ലവർ മിൽ | 117040104359/25-01-18 |
| 4 | ബാലകൃഷ്ണൻ പി | 06-02-18 | മരം പ്ലെയിൻ ചെയ്തു കൊടുക്കൽ | 117040104893/08-02-2018 |

സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡി ആന്റ് ഒ ലൈസൻസ് വാങ്ങിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷ ആരംഭം മുതൽ ലൈസൻസ് വാങ്ങിക്കുന്ന

തീയതി വരെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവെന്നാണ് അർഥമാക്കുന്നത്. ആയതിനാൽ ചട്ടലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പഞ്ചായത്തിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ ശിക്ഷ ഈടാക്കാവുന്നതാണ്. തുടർവർഷങ്ങളിൽ ഡി ആന്റ് ഒ ലൈസൻസ് നിയമത്തിൽ അനുശാസിക്കുന്ന വിധം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അപാകങ്ങൾ

1. തൊഴിൽ നികുതി രജിസ്റ്ററിൽ വ്യാപാരികളുടെ /സ്ഥാപനങ്ങളുടെ വിവരം പൂർണ്ണമല്ല.

വ്യാപാരികളുടെ /സ്ഥാപനങ്ങളുടെ പട്ടിക വാർഡ് നമ്പർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച സൂക്ഷിച്ച രജിസ്റ്ററിൽ വ്യാപാരികളുടെ /സ്ഥാപനങ്ങളുടെ വിവരം പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. വ്യാപാരികളുടെ പേരും അവർ ഒടുക്കിയ തുകയും മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. സ്ഥാപനങ്ങളുടെയും തൊഴിലാളിയുടെയും വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും ചേർത്ത് രജിസ്റ്റർ കാലീകമാക്കേണ്ടതാണ്.

2.ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുന്നില്ല.

അതാത് വർഷം തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് ബന്ധപ്പെട്ട വ്യാപാരികൾക്ക് /സ്ഥാപനങ്ങൾക്ക് നൽകുന്നില്ല. അതാത് സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വനിതകൾക്ക് തുണി സഞ്ചി, പാള പ്ലേറ്റ് നിർമ്മാണം യൂണിറ്റ്- പദ്ധതി നിർവ്വഹണം ലക്ഷ്യം പ്രാപ്തിയിൽ എത്തിയില്ല

നിർവ്വഹണം :വി.ഇ.ഒ

പ്രോജക്ടിന്റെ പേര് : വനിതകൾക്ക് തുണി സഞ്ചി, പാള പ്ലേറ്റ് നിർമ്മാണം യൂണിറ്റ്

പ്രോജക്ട് നമ്പർ : 150/17-18

അടങ്കൽ : 200000/-(വികസന ഫണ്ട് പൊതു വിഭാഗം): 100000/-(ധനകാര്യ സ്ഥാനങ്ങളിൽ നിന്നുള്ള വായ്പ

ബിൽ നമ്പർ :20/17-18 തുക 200000/- തീ.26-93-18

മേൽ പദ്ധതി പ്രകാരം മാതൃക ജെ.എൽ.ജി കാഞ്ഞിരപ്പൊയിൽ എന്ന വനിതാഗ്രൂപ്പിന് (സിൻഡിക്കേറ്റ് ബാങ്കിന്റെ 42402200086493 അക്കൗണ്ടിൽ 28-3-18) 200000/- രൂപ നൽകിയിട്ടുണ്ട്. ഭരണ സമിതിയുടെ തീരുമാനം നം.146/2017 തീ. 10.05.2017 പ്രകാരം ഈ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (നം.15/17-18,തീയ്യതി 24-07-2018) ന് ലഭ്യമാക്കിയ മറുപടിക്ക് 200000/- രൂപ ജെ.എൽ.ജി ഗ്രൂപ്പിന്

നൽകിയിരുന്നുവെങ്കിലും പദ്ധതി നിർവ്വഹണത്തിനാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യതകുറവ് മൂലം അനുവദിച്ച തുക ചെലവഴിക്കാൻ സാധിച്ചില്ല എന്നും മേൽ തുക ഭരണസമിതിയുടെ 18-7-18 ലെ 138/18 തീരുമാനം പ്രകാരം പഞ്ചായത്ത് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ചെറുകിട വ്യവസായ വർക്കിംഗ് ഗ്രൂപ്പ് ഈ വിഷയം ചർച്ച നടത്തിയതായി മിനുട്ടസിൽ രേഖപ്പെടുത്തിയിട്ടില്ല. ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9-5-17ലെ 8/2017തീരുമാനം അനുസരിച്ചുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ വികസന ആവശ്യത്തിനുവേണ്ടി ചെലവഴിക്കേണ്ട തുക പദ്ധതി നടപ്പിലാക്കാൻ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചത് ശരിയായ നടപടി അല്ല. ഇത്തരം പദ്ധതികൾ നടപ്പിലാകുമ്പോൾ വേണ്ട രീതിയിലുള്ള ചർച്ചകളും, വ്യവസായ നടത്തിപ്പ് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, മാർക്കറ്റിംഗ് രീതി,അസംസ്കൃത വസ്തുക്കളുടെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടില്ല. മേൽ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ഗവ.ഫണ്ടിലെക്ക് എത്രയും വേഗം തിരിച്ച് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും,ഭാവിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ദീർഘവീക്ഷണത്തോടെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-2 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2017-18 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം 900000/- ലക്ഷം രൂപ (ബിൽ നം :37/17-18,തീ.28-9-17തുക 200000) ഹോമിയോ ഡിസ്പൻസറികളിലേക്കും,(ബിൽ നം.22/17-18 തുക 700000/- തീ.11-8-17) ആയുർവേദ ഡിസ്പൻസറികളിലെക്കും മരുന്നുകൾ വാങ്ങുന്നതിനുവേണ്ടി മാനേജിംഗ് ഡയറക്ടർ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡ്, പാതിരാപ്പള്ളി എന്ന സ്ഥാപനത്തിന് (അക്കൌണ്ട് നം.34306403911 dt 2-10-17) 200000/-രൂപയും, മാനേജിംഗ് ഡയറക്ടർ റി ഡിസ്ട്രീബ്യൂഷൻ സെന്റർ ഔഷധി,പരിയാരം എന്നസ്ഥാപനത്തിന് (അക്കണ്ട് നം 42373070000233/11-8-17) 700000/- രൂപയും നൽകിയിട്ടുണ്ട്.എന്നാൽ 673667/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.മരുന്നകൾ ലഭ്യമായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് | കിട്ടിയമരുന്ന് | കിട്ടാനുള്ളത് |
|---|---|---|---|---|
| ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്ന് വാങ്ങൽ,<br>41/17-18 | 200000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) | 200000 | -- | 200000 |
| ആയുർവേദ ഡിസ്പൻസറികളിലെക്ക് മരുന്ന് വാങ്ങൽ<br>40/17-18 | 700000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) | 700000 | 673667 | 26333 |

മരുന്നകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം

(നം.13/17-,തീയ്യതി : 24-07-2018) ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി കേരളാ സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡ്,എം.ഡി ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും,ഔഷധി,പരിയാരം ഈ മാസം തന്നെ മരുന്നുകൾ എത്തിക്കും എന്നും അറിയിച്ചിട്ടുണ്ട്.ഈവിഷയത്തിൽ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്. 226333/- രൂപയുടെ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 കേന്ദ്ര -സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

ജി ഒ (എം എസ് ) 72/2017 തസ്വഭവ തീയതി 29-03-2017 പദ്ധതി മാർഗ്ഗരേഖയിലെ ആമുഖത്തിൽ പദ്ധതി കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസനപ്രവർത്തനങ്ങളും കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുമായും പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 25.04.2017 ന് ചേർന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ കരട് വാർഷിക പദ്ധതിയിൽ ക്രമ നമ്പർ 12-മതായി 6,25,000 രൂപ അടങ്കൽ നിശ്ചയിച്ചുകൊണ്ട് കന്നുകുട്ടി പരിപാലനം പ്രൊജക്ട് നിർദ്ദേശം ഉണ്ടായിരുന്നുവെങ്കിലും പദ്ധതി രൂപീകരണം നടത്തുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ അടുത്ത 5 വർഷത്തേക്ക് പാല് ഉല്പാദനത്തിൽ കൈവരിക്കേണ്ട ലക്ഷ്യത്തെ കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ഇപ്പോഴത്തെ അവസ്ഥ | കൈവരിക്കേണ്ട ലക്ഷ്യം (പാലളവ് ലിറ്ററിൽ ) | | | | |
|---|---|---|---|---|---|
| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 1210628 | 1300000 | 1350000 | 1500000 | 1750000 | 1850000 |

2017-18 വർഷത്തിൽ മേൽ ലക്ഷ്യം കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന ഒരു പ്രൊജക്ട് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പ്രൊജക്ടിനായി ആകെ 970000 രൂപ ചെലവ് ചെയ്തിട്ടുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയിൽ സംസ്ഥാനവിഹിതം 50% വും ഗ്രാമപഞ്ചായത്ത് വിഹിതം 25% ബാക്കി 25% ഗുണഭോക്തൃവിഹിതവുമാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഈ മേഖലയിൽ സംസ്ഥാന ഗവൺമെന്റ് നൽകുന്ന 50% വിഹിതം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിലൂടെ മാത്രമേ ഗ്രാമപഞ്ചായത്തിന് തുടർവർഷങ്ങളിൽ പാൽ ഉല്പാദനത്തിൽ വിഭാവനം ചെയ്ത നേട്ടം കൈവരിക്കാൻ കഴികയുള്ളൂ. സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കിയ കൈവരിക്കേണ്ട ലക്ഷ്യം നേടുന്നതിനുവേണ്ടി കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകൾ

നടപ്പിലാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ ചെലുത്തുന്നത് ഉചിതമായിരിക്കും.

## 3-4 കർഷകതൊഴിലാളി പെൻഷൻ അപേക്ഷയിൽ സമയ ബന്ധിതമായി തീരുമാനം എടുക്കുന്നില്ല

1998-ലെ കർഷകതൊഴിലാളി പെൻഷൻ ചട്ടങ്ങളും,ജി.(ഒ.പി) 18/98/തൊഴിൽ തീ.16-4-1998, ജി.ഒ(എം.എസ്) 41/2003/തൊ.വ തീ.23-08-2003എന്നിവ പ്രകാരം കർഷകതൊഴിലാളി പെൻഷൻ അപേക്ഷയിൽ അപേക്ഷ ലഭിച്ച് തദ്ദേശസ്ഥാപനത്തിന്റെ അധികാരി വിശദമായ അന്വേഷണം നടത്തി അപേക്ഷയിൽ കാണിച്ച വിവരങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെടേണ്ടതും, 45 ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീരുമാനം എടുക്കേണ്ടതുമാണ്.എന്നാൽ പഞ്ചായത്തിൽ ലഭിച്ച അപേക്ഷയിൽ 45 ദിവസത്തിനുള്ളിൽ തീരുമാനം എടുക്കുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| അപേക്ഷ ലഭിച്ച നമ്പർ/തീയ്യതി | അപേക്ഷന്റെ പേര് | അനുവദിച്ച നം/തീയ്യതി |
|---|---|---|
| 5398/17,11.10.17 | ലക്ഷ്മണൻ പിടച്ചി,പെരിന്തട്ട | PR.NO.13/17 dt.28.2.18 |
| 6511/17,1-12-17 | ശാന്ത.യു,തവിടിശ്ശേരി | WSCR NO.13/17,dt.28-2-18 |
| 6594/17,6-12-17 | കുണ്ടം കൊവ്വൽ ജാനകി,കെ.പി.നഗർ | WSCR NO.13/17,dt.28-2-18 |
| 1108/18,26-2-18 | തങ്കമണി.കെ.വി,പെര്ന്തട്ട | WSCR NO.26/18,dt.18-5-18 |

ഭാവിയിൽ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ ചെലുത്തുന്നത് ഉചിതമായിരിക്കും.

## 3-5 നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്ക് പരിപലിക്കുന്നില്ല

സർക്കാർ ഉത്തരവ് ജി.ഒ(പി) 177/2006ധനം 12.4.2006,ജി.ഒ(പി) 119/2015ധനം 21.3.2015,പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ 7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട് മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം എന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ, വി.ഇ.ഒ, അസി.എഞ്ചിനിയർ എന്നിവ്വ 7എ ക്യാഷ് ബുക്ക് പരിപാലിച്ച് വരുന്നില്ല. 7എ ക്യാഷ് ബുക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പെരിങ്ങോം വയക്കര പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം -തിരിച്ചേല്പിക്കാത്ത പുസ്തകങ്ങൾ തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ അധീനതിയിലുള്ള ലൈബ്രറിയിൽ നിന്നും വിവിധ കാലയളവിൽ പുസ്തകങ്ങൾ മെമ്പർമാർക്ക് വിതരണം ചെയ്യുകയും എന്നാൽ നാളിതുവരെ തിരികെ ലഭിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പുസ്തകത്തിന്റെ പേര് | പുസ്തക നമ്പർ | പുസ്തക വില | പുസ്തകം കൊണ്ടുപോയ വ്യക്തിയുടെ പേര് | കൊണ്ടുപോയ തീയതി |
|---|---|---|---|---|---|
| 1 | ഇസ്ലാമും കമ്മ്യൂണിസ്റ്റുകാരും | 3600 | 40 | മധുസൂധനൻ കെ | 11-07-11 |
| 2 | ഇ എം എസ് സമ്പൂർണ്ണകൃതികൾ | 4758 | 150 | മധുസൂധനൻ കെ | 11-07-11 |
| 3 | 25 ലോകകഥകൾ | 5840 | 100 | സുരേഷ് കെ വി | 06-08-12 |
| 4 | പരഹംസകഥകൾ | 2808 | 50 | സുരേഷ് കെ വി | 06-08-12 |
| 5 | പെയ്ത് തീരാത്ത മഴ | 3934 | 22 | സുഭാഷ് പഞ്ചാലിൽ | 27-04-05 |
| 6 | സീക്രട്ട് | 4054 | 48 | സുഭാഷ് പഞ്ചാലിൽ | 27-04-05 |
| 7 | മുഴക്കം | 4202 | 60 | സുഭാഷ് പഞ്ചാലിൽ | 27-05-05 |
| 8 | ഒരു എക്സ്ട്രാ നടിയുടെ | 4205 | 70 | സുഭാഷ് പഞ്ചാലിൽ | 27-05-05 |

| | | | | | |
|---|---|---|---|---|---|
| | കഥ | | | | |
| 9 | ശുഭമുഹൂർത്തം | 5069 | 110 | രഞ്ചിത്ത് വി പി | 13-07-12 |
| 10 | ചോരപുരണ്ട മുഖങ്ങൾ | 5630 | 55 | ശ്രീരാജ് എം എസ് | 04-04-13 |
| 11 | ഇന്ദുലേഖ | 4008 | 58 | റംസീന സി എ | 26-09-09 |
| 12 | കടലോരം | 3394 | 65 | റംസീന സി എ | 26-09-09 |

പ്രസ്തുത പുസ്തകങ്ങൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നഷ്ടപരിഹാരം ഈടാക്കേണ്ടതുമാണ്.

## 3-7 ലീവ് സറണ്ടർ ചെയ്ത ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പ് സൂക്ഷിക്കേണ്ടതാണ്.

2017-18 വർഷം താഴെ കൊടുത്ത ജീവനക്കാർ ലീവ് സറണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ ആർജിത അവധി രേഖപ്പെടുത്തിയതിന്റെ വിവരം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.ബന്ധപ്പെട്ട ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ചതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| വൌച്ചർ നം | തീയതി | തുക | ജീവനക്കാരുടെ പേര്<br>തസ്തിക |
|---|---|---|---|
| 2170028 | 07-04-2017 | 214312 | ബാബുരാജ് ,അസിസ്റ്റന്റ് സെക്രട്ടറി |
| 2170028 | 07-04-2017 | 214312 | രമാദേവി,അക്കൌണ്ടന്റ് |
| 2170028 | 07-04-2017 | 214312 | അനിൽകുമാർ പി ,സീനിയർ ക്ലാർക്ക് |

| | | | |
|---|---|---|---|
| 2170028 | 07-04-2017 | 214312 | സിവി വിജയൻ ,സീനിർ ക്ലാർക്ക് |
| 2170028 | 07-04-2017 | 214312 | സിന്ധു കെ ടി,സീനിയർ ക്ലാർക്ക് |
| 2170081 | 26-04-2017 | 46610 | ഹരീഷ് കുമാർ ,ജെ എസ് |

തുടർവർഷങ്ങളിൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ആർജിതാവധി സറണ്ടർ ചെയ്ത ജീവനക്കാർക്ക് സ്ഥലം മാറ്റം ലഭിക്കുമ്പോൾ അവരുടെ സർവ്വീസ് ബുക്കിന്റെ ആർജിതാവധി രേഖപ്പെടുത്തിയ പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സൂക്ഷിക്കേണ്ടതാണ്.

## **3-8** <u>വിദ്യാലയങ്ങൾക്ക് പത്രവിതരണം - രേഖകൾ മുഴുവനായും ഹാജരാക്കിയില്ല - **58000** രൂപ തടസ്സപ്പെടുത്തുന്നു.</u>

ഗ്രാമപഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങൾക്ക് പത്രവിതരണം നടത്തുന്നതിന് വേണ്ടി താഴെ കൊടുത്ത പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | വിദ്യാലയങ്ങൾക്ക് പത്രവിതരണം |
| പ്രൊജക്ട് നമ്പർ | 59/2018 |
| ബിൽ നമ്പർ /തീയതി /തുക | 8/2017-18/24-03-2018-70000 |
| ഫണ്ട് | വികസനഫണ്ട് |

പ്രസ്തുത ബില്ല് പ്രകാരം മാറിയ തുകയിൽ നിന്നും താഴെ കൊടുത്ത പ്രകാരം തുക പത്രസ്ഥാപനങ്ങൾക്ക് നൽകിയതിന്റെ വിവരം ഹാജരാക്കിയിട്ടുണ്ട്.

| പത്രസ്ഥാപനത്തിന്റെ പേര് | നൽകിയ തുക |
|---|---|
| ദേശാഭിമാനി | 40000 |
| മലയാള മനോരമ | 22000 |
| ഇൻഡ്യൻ എക്സ്പ്രസ് | 8000 |
| ആകെ | 70000 |

ഈ ഇനത്തിൽ ആകെ 70000/- രൂപ ആകെ ചെലവഴിച്ചതിൽ 12000/- രൂപയുടെ രേഖകൾ/വൗച്ചറുകൾ പൂർണമായും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ബാക്കി 58000 രൂപ പത്രസ്ഥാപനങ്ങൾക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത പത്ര സ്ഥാപനങ്ങൾ സ്കൂളുകൾക്ക് പത്രം വിതരണം ചെയ്തതിന്റെ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. പത്രങ്ങൾ സ്കൂളുകൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കാത്തതിനാൽ 58000 രൂപ തടസപ്പെടുത്തുന്നു.

## 3-9 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രൊജക്ട് നടപ്പിലാക്കിയത് ക്രമവിരുദ്ധം - 25000 രൂപ തടസ്സപ്പെടുത്തുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 (1)ാം ഉപവകുപ്പ് 3ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലെ (X) വിദ്യാഭ്യാസത്തിൽ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ പെടുന്ന വിഷയങ്ങളെ പറ്റി പരാമർശിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷം ഗ്രാമപഞ്ചായത്ത് പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്ത ഇനത്തിന് പ്രൊജക്ട് വെച്ച് തുക ചെലവ് ചെയ്തിട്ടുണ്ട്.ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | എസ് എസ് എൽ സി,<br>പ്ലസ് ടു വിദ്യാർത്ഥികൾക്ക് മാനസികാരോഗ്യ കൗൺസിലിംഗ് |
| പ്രൊജക്ട് നമ്പർ | 60/2018 |
| ബിൽ നമ്പർ /തീയതി /തുക | 09/2017-18/17-03-2018-20000<br>10/2017-18/24-03-2018-5000 |
| ഫണ്ട് | വികസനഫണ്ട് |

2017-18 വർഷം വിദ്യാഭ്യാസം,കല,സംസ്കാരവും യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പിന്റെ യോഗങ്ങൾ 27-01-2017,11-09-2017,16-01-2018,03-032018 എന്നീ തീയതികളിൽ ചേർന്നിട്ടുണ്ട്. അവയിൽ 03-03-2018 ന് ചേർന്ന വിദ്യാഭ്യാസം,കല,സംസ്കാരവും യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ 4ാംമത്തെ ഇനമായി എസ് എസ് എൽ സി, പ്ലസ് ടു വിദ്യാർത്ഥികൾക്ക് മാനസികാരോഗ്യ കൗൺസിലിംഗ് എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിനായി നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത മിനുട്സിൽ ഈ പ്രൊജക്ട് നിർദേശങ്ങൾ ഏത് വർഷത്തേക്ക് വേണ്ടിയാണെന്നത് രേഖപ്പെടുത്തിയിട്ടില്ല.അതേ സമയം 08-05-2017 തീയതിയിൽ ചേർന്ന ആരോഗ്യസ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിലെ തീരുമാന നമ്പർ 21/2017 ലെ ക്രമ നം 5 പ്രകാരം പ്രൊജക്ട് സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചിട്ടുമുണ്ട്. 146/2017 തീയതി 10-05-2017 ഭരണസമിതി തീരുമാനം പ്രകാരം പ്രൊജക്ട് അംഗീകരിച്ചിട്ടുണ്ട്.

ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത പ്രൊജക്ട് നടപ്പിലാക്കിയതിന് കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ചുമതലകളിൽ പെടാത്ത ഇനത്തിന് ചെലവ് നടത്തിയതിനാൽ ചെലവ് തുക 25000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-നടപടിക്രമം പാലിച്ചില്ല

പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി സൈക്കിൾ വിതരണം നടത്തുന്നതിന് താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം |
| പ്രൊജക്ട് നമ്പർ | 63/2018 |
| ബിൽ നമ്പർ /തീയതി /തുക | 3/2017-18/17-03-2018-229300 |
| ഫണ്ട് | വികസനഫണ്ട് |

മേൽ കൊടുത്ത ബിൽ പ്രകാരം തുക പിൻവലിക്കുകയും 54 ഗുണ്ഭോക്താക്കൾക്ക് സൈക്കിൾ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. സൈക്കിൾ വാങ്ങൽ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ സൈക്കിൾ വിതരണം ചെയ്യുന്നതിനായി ടെണ്ടറിൽ പങ്കെടുത്തത് സഫാരി ട്രേഡ്സ് മലപ്പുറവും അർജ്ജുൻ ഡി എം ഇന്നർസോൺ ഏജൻസിസ് ചെറുവത്തൂർ എന്നീ സ്ഥാപനങ്ങളാണ്. ക്വോട്ട് ചെയ്തതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഏവൺ ബൃം (സൈക്കിൾ ഇനം) ക്വോട്ട് ചെയ്ത തുക | ഏവൺ ഷെറി (സൈക്കിൾ ഇനം) ക്വോട്ട് ചെയ്ത തുക |
|---|---|---|
| സഫാരി കമ്പനി | 4600 | 4700 |
| അർജ്ജുൻ അസോസിയേറ്റഡ് | 3998 | 4098 |

കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സഫാരി കമ്പനിക്കാണ് ടെണ്ടർ നൽകിയത്.അർജ്ജുൻ അസോസിയേറ്റഡ് ക്വോട്ട് ചെയ്ത നിരക്ക് ജി എസ് ടി ഉൾപ്പെടാത്ത നിരക്ക് ആയതിനാലാണ് പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കിയതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ

വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ബന്ധപ്പെട്ട പർച്ചേസിംഗ് കമ്മിറ്റി മിനുട്സിൽ പ്രസ്തുത വിവരം രേഖപ്പെടുത്തിയിട്ടില്ല.വാങ്ങൽ സംബന്ധിച്ച് ഉണ്ടാകുന്ന വ്യതിയാനങ്ങൾ അതാത് കമ്മറ്റികൾ അംഗീകരിച്ച് മിനുടസിൽ രേഖപ്പെടുത്തേണ്ടതാണ്. മാത്രമല്ല പദ്ധതിയുടെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടുമില്ല.

## 3-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് , കമ്പ്യൂട്ടർ വിതരണം -പർച്ചേസിംഗ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുന്നില്ല. മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഹാജരാക്കിയില്ല.

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം ചെയ്യുന്നതിനായി 2017-18 വർഷം താഴെ കൊടുത്ത പ്രകാരം പണം ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വിതരണം |
| പ്രൊജക്ട് നമ്പർ | 65/2018 |
| ബിൽ നമ്പർ /തീയതി /തുക | 2/2017-18/17-03-2018-299000 |
| ഫണ്ട് | എസ് സി പി |

പദ്ധതി നിർദേശങ്ങൾ നൽകുന്നതിനുള്ള ബന്ധപ്പെട്ട വിദ്യാഭ്യാസം കലയും സംസ്കാരവും യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സ് പരിശോധിച്ചതിൽ ഈ പ്രൊജക്ട് നിർദേശിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടു.എന്നാൽ പ്രസ്തുത പദ്ധതിയുടെ വിലയിരുത്തൽ നടത്തിയതിന് ആസ്പദമായ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ കമ്പ്യൂട്ടർ കെയർ പയ്യന്നൂർ എന്ന സ്ഥാപനം മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ഒന്നിലധികം സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുക്കാത്ത വിവരം പർച്ചേസിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 3-12 പൊതുമരാമത്ത് പ്രവൃത്തികൾ - രജിസ്റ്ററുകൾ/രേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ

പെരിങ്ങോം - വയക്കര ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം നടപ്പിലാക്കുന്നതിലേക്കായി 96 പ്രൊജക്ടുകൾക്ക് അംഗീകാരം നൽകിയതിൽ 64 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.

രജിസ്ററുകൾ/രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്-:

12-4-2006 ലെ ജി.ഒ.(പി) നം.177/2006 ധനം .അനുസരിച്ച് നിർവ്വഹണോദ്യോഗസ്ഥൻ ടി.ആർ 7എ-ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തസ്വഭവ ഫണ്ടിൽ നിന്നുള്ള വരവ് ചെലവ് വിവരം പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ( അനുബന്ധം ബി.IV ) സൂക്ഷിക്കണം . രജിസ്റ്റർ സംബന്ധിച്ച മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

എഗ്രിമെന്റ് രജിസ്റ്ററിൽ കരാറിലേർപ്പെടുന്ന മുഴവൻ മരാമത്ത് പ്രവർത്തികളുടെയും അംഗീകൃത

പൂർത്തീകരണ കാലാവധി രേഖപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലുള്ള റോഡുകളുമായി ബന്ധപ്പെട്ട റോഡ് മാപ്പിങ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല. വികസന സ്ററാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല.

ജി.ഒ.(എം എസ്)നം 72/2017/തസ്വഭവ 29.03.2017 14.6(4) നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്നന നിർവ്വഹണ ഏജൻസിയുടെ പേര്/ കരാറുകാരന്റെ പേരും ഫോൺ നമ്പരും ഏഞ്ചിനീയറുടെ പേരും ഫോൺ നമ്പരും അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്, പ്രവൃത്തി പൂർത്തിയായ ശേഷം പ്രവൃത്തി സ്ഥലത്ത് പ്രവൃത്തിയുടെ പേര് , വർഷം, ചെലവഴിച്ച തുക ഫണ്ടിന്റെ ഇനം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

## 3-13 <u>അങ്കണവാടി അവലോകനം</u>

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 40 അങ്കണവാടികൾ പ്രവർത്തിച്ച വരുന്നുണ്ട്. 40 അങ്കണവാടികളിലായി 523 കുട്ടികൾ ഉണ്ട്. സ്വന്തമായി കെട്ടിടവും, കുടിവെള്ള സൗകര്യവും 40 അങ്കണവാടികൾക്കും ഉണ്ട്.അസി.ഏജിനീയർ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.എന്നാൽ പഞ്ചായത്ത് പരിധിയിൽ ശിശു സൗഹൃദ ടോയിലറ്റ് സൗകര്യം ഉള്ള ഒരു അങ്കണവാടിയും ഇല്ല .കൂടാതെ അങ്കനവാടികളുടെ പരിധിയിലുള്ള 545 (2017ഏപ്രിൽ മുതൽ മാർച്ച് 18വരെ) ഗർഭിണികൾ രജിസ്റ്റർ ചെയ്തതിൽ 536 പേരും, മുലയൂട്ടുന്ന അമ്മമാരിൽ 437 പേർ രജിസ്റ്റർ ചെയ്തതിൽ 417 പേരും, 6 മാസം മുതൽ 3 വയസുവരെ പ്രായമുള്ള 453കുട്ടികളും, 3വയസു മുതൽ 6വയസുവരെ പ്രായമുള്ള 523 കുട്ടികളും സാമൂഹ്യക്ഷേമ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പോഷകാഹാരത്തിന്റെ ആനുകൂല്യം അങ്കനവാടികളിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്ലറ്റ് സൗകര്യം ഉറപ്പാക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 <u>തരിശു ഭൂമി ഉപയുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ നെൽകൃഷിക്ക് അനുയോജ്യമായ 40 ഹെക്ടർ സ്ഥലമുണ്ട്. 2017-18 വർഷം 28 (ഒന്നാം വിള-16,രണ്ടാം വിള-12) ഹെക്ടർ നെൽവയൽ തരിശ് വയൽ ആയി കിടക്കുന്നുണ്ട്. 2017-18 വർഷത്തേക്കുള്ള പദ്ധതിമാർഗ്ഗരേഖ ജി ഒ(എം എസ്) 72/2017 തസ്വഭവ 29-03-2017 ഉത്തരവ് ആമുഖത്തിൽ വികസനമേഖലകൾക്കുള്ള പ്രധാനനിർദേശങ്ങൾ/നിബന്ധനകൾ എന്ന ഭാഗത്ത് ജൈവകൃഷി ,തരിശു ഭൂമി കൃഷി എന്നിവ പ്രോത്സാഹിപ്പിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.പ്രസ്തുത നിർദേശ പ്രകാരം ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷിക മേഖലയിൽ സ്വയം പര്യാപ്തത എന്നതായിരിക്കണം ലക്ഷ്യമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലക്ഷ്യപ്രാപ്തിക്കായി സംഘകൃഷി,പാട്ടകൃഷി ,കുടുംബശ്രീ തുടങ്ങിയ കർഷക കൂട്ടായ്മകളുടെ സഹകരണം പ്രയോജനപ്പെടുത്താവുന്നതാണെന്ന്

മാർഗ്ഗരേഖയിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

11-ാം വാർഡിലെ 15-04-2017 ലെ ഗ്രാമസഭയിലും 12-ാം വാർഡിലെ 22-04-2017-ലെ ഗ്രാമസഭയിലും നെൽകൃഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയും 25.04.2017 ന് ചേർന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ കരട് വാർഷിക പദ്ധതിയിൽ 5-മതായി തരിശിടങ്ങൾ കൃഷിയോഗ്യമാക്കൽ പാടശേഖരങ്ങൾക്ക് മോട്ടോർപ്പുര ,പമ്പ് എന്നിവയ്ക്കായി 3,00,000 രൂപ വകയിരുത്തിയിട്ടുമുണ്ട്. എന്നാൽ ആയതുമായി ബന്ധപ്പെട്ട് പദ്ധതികൾ തയ്യാറാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ തരിശ് ഭൂമി മുഴുവനായി ഉപയുക്തമാക്കേണ്ടതിലെ ആവശ്യകത വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ തരിശായി കിടക്കുന്ന മുഴുവൻ നെൽവയലുകളും നെൽകൃഷിക്ക് ഉപയുക്തമാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 627500 | 1. നെൽകൃഷിക്കുള്ള കൂലിചെലവ്-170000<br>2. പച്ചക്കറി കൃഷിക്ക് കൂലിചെലവ്- 42500<br>3.ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-365000<br>4.സാന്ത്വന പരിചരണം-50000 | 627500 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 160000 | 1.ശാരീരിക മാനസീക വൈകല്ല്യമുള്ളവർക്ക് സ്കോളർഷിപ്പ്. | 160000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പെരിന്തട്ട ജി എൽ പി എസ്. കുഴൽ കിണർ | SB/JC No.2953504/19.12.2017 | 100000 | 100000 | 0 |
| | കുപ്പോൾ അംഗനവാടിക്ക് കുഴൽകിണർ | 34/21.12.2017 | 100000 | 48000 | 52000 |
| | ഞെക്ലി അംഗനവാടിക്ക് കുഴൽകിണർ | 33/21.12.2017 | 50000 | 45000 | 0 |
| | പാടിയോട്ടുചാൽ മൃഗാശുപത്രിക്ക് കുഴൽകിണർ | 35/21.12.2017 | 46000 | 46000 | 0 |

നിക്ഷേപ പ്രവൃത്തികൾക്ക് വാർഷിക കണക്കിലെ ബി18 ഷെഡ്യൂളിൽ കാണിച്ച തുകയിൽ 20,4000/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | ജി ഒ (എം എസ് )274/2010 /തസ്വഭവ തി. 27.01.2010 | 15309000 | 4406300 | 3031769 | 0 | 1374531 |

## 4-5 സ്ഥിര നിക്ഷേപം

4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 30000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കണ്ണൂർ കൊ- | 4430/08.05.15 | | 10000 | |

| | | | | | |
|---|---|---|---|---|---|
| | ഓപ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്. | | | | |
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കൊ-ഓപ് സൊസൈറ്റി | | | 20000 | |
| ആകെ | | | | 30000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15218 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-1 | 4506 | സെക്രട്ടറി | 117040102384 8007തീ 06-11-17 (999 രൂപ)<br>117040102385 തീ 06-11-17 (434 രൂപ)<br>117040102386 തീ 06-11-17 (434 രൂപ) 117040102387 തീ 06-11-17 (389 രൂപ) 117040102061 തീ 12-10-17 (1908രൂപ) 117040102389 തീ 06-11-17 (342 രൂപ) |

| | | | | |
|---|---|---|---|---|
| | | | | |
| 2016-17 | 3-1 | 4586 | സെക്രട്ടറി | 117040102388 തീ 6-7-17 (389രൂപ)<br>117040101742 തീ 14-09-17<br>(4197 രൂപ) |
| 2016-17 | 3-19 | 6126 | അസിസ്റ്റന്റ് എഞ്ചിനീയർ | 117040500011 തീ 07-11-17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-1 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ നടപടികൾ പാലിക്കാതെ നടപ്പിലാക്കിയത് സംബന്ധിച്ച് | 2888/പ്രൊഡക്ട്സ്/അനെർട്ട്/2012 തീ 29-08-2016 ലെ കത്ത് പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർ ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 69715273 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66220636 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 83000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 58000 | ശ്രീ. ദാമോദരൻ, ഹെഡ്മാസ്റ്റർ |
| 3-9 | 25000 | ശ്രീ. ദാമോദരൻ, ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 1 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 2 |
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 1 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 1 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 5 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 3 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 9 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 2 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 3 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി1/131/2018<br>തീയതി 23.03.2018 | 14 |
| 2009-2010<br>2010-2011 | എൽ.എഫ്/കെ.എൻ.ആർ/സി4/1332/13<br>തീയതി 03.02.2014 | 10 |
| 2011-12<br>2012-13 | എൽ.എഫ്/കെ.എൻ.ആർ/സി4/115/15<br>തീയതി 05.08.2015 | 8 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി4/1060/16<br>തീയതി 22.06.2016 | 9 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ.സി.4<br>/1991/2016<br>തീ. 4.1.17 | 17 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ.<br>/സി.1/1500/2017 തീ. 10.10.17 | 17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ./കെ.എൻ.ആർ./സി.1/1592/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി: 19.11.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2(1)

# RECEIPT AND PAYMENT STATEMENT

RECEIPT AND PAYMENT STATEMENT OF PERINGOME VAYAKKARA GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|

| | | | |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 8012489<br>167693 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1246270 |
| 140000000 | Fees & User Charges | RP-4 | 431305 |
| 150000000 | Sale & Hire Charges | RP-5 | 41172 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53078262 |
| 171000000 | Interest Earned | RP-9 | 255659 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9414560 |
| 350000000 | Other Liabilities | RP-36 | 276668 |
| Non operating | | | |
| 340000000 | Deposits Received | RP-34 | 140417 |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 475829 |
| 311000000 | Earmarked Fund | RP-29 | 3536 |
| 350000000 | Other Liabilities | RP-36 | 267726 |
| 431000000 | Sundry Debtors (Receivables) | RP-43 | 4080869 |
| 460000000 | Loans,Advances and Deposits | RP-47 | 3000 |
| Grand Total | | | 77895455 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3547155 |
| 220000000 | Administrative Expenses | RP-12 | 1289880 |
| 230000000 | Operations & Maintenance | RP-13 | 396290 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 10179410 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 14773208 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 692596 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 64490 |

| | | | |
|---|---|---|---|
| | | | |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 655848 |
| 255000000 | Maintance Projects | RP-20 | 7384239 |
| 280000000 | Prior Perid Items | RP-26 | -20723 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 113555 |
| 350000000 | Othes Liabilities | RP-36 | 4721297 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 4920 |
| 280000000 | Prior Period Item | RP-26 | -2963 |
| 311000000 | Earmarked Fund | RP-29 | 5500 |
| 330000000 | Secured Lons | RP-32 | 3031769 |
| 340000000 | Deposits Received | RP-34 | 26200 |
| 350000000 | Other Liabilities | RP-36 | 2867951 |
| 410000000 | Fixed Assets | RP-38 | 15225557 |
| 431000000 | Sundry Debtors (Receivables) | RP-43 | 1082084 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 182373 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 11573828<br>100991 |
| Grand Total | | | 77895455 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2(2)

# INCOME AND EXPENDITURE STATEMENT

INCOME AND EXPENDITURE STATEMENT OF PERINGOME VAYAKKARA GRAMA PANCHAYAT

FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT |
|---|---|---|---|

| | | | |
|---|---|---|---|
| | | | ₹ |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5023515 |
| 130000000 | Rental Income from panchayat properties | I-3 | 824106 |
| 140000000 | Fees & User Charges | I-4(b) | 617635 |
| 150000000 | Sale & Hire Charges | I-5(b) | 108482 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 111043401 |
| 171000000 | Interest Earned | I-8 | 255659 |
| 180000000 | Other Income | I-9 | 475829 |
| A | Total Income | | 118348627 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11240289 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 1289880 |
| 230000000 | Operations & Maintenance | I-12(b) | 396290 |
| 240000000 | Interest & Finance Charges | I-13 | 4920 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 14789939 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 29079998 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 694076 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 64490 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 51331248 |
| 255000000 | Maintance Projects | I-14(e) | 7384239 |
| 272000000 | Depreciation | I-17(a) | 5898797 |
| B | Total Expenditure | | 122174166. |

| | | | |
|---|---|---|---|
| C=A-B | Gross Surplus / Defict Income over Expenditure | | -3825539 |
| D= 280000000 | Prior Period Item | I-18 | 414058 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -4239597 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2(3)

# BALANCE SHEET

BALANCE SHEET OF PERINGOME VAYAKKARA GRAMA PANCHAYAT

AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | -32450265.90 |
| 311000000 | Earmarked Funds -Special Funds/Sinking Fund/Trust orAgency Fund | B-2 | 3479 |
| 312000000 | Reserves | B-3 | 95475042 |
| | Total Reserve & Surplus | | 63028255.10 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 7177312 |
| | Total Grants,Contribution for specific purposes | | 7177312 |
| | Loans | | |
| 330000000 | Secured Loans | B-5 | 1374531 |
| | Total Loans | | 1374531 |

| | | | |
|---|---|---|---|
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 863143.40 |
| 350000000 | Other Liabilities | B-9 | 1625431.50 |
| | Total Current Liabilities and Provisions | | 2488574.90 |
| | TOTAL LIABILITIES | | 74068673 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 96482528 |
| 411000000 | Accumulated Depreciation | B-11 | -37974403 |
| 412000000 | Capital Work In Progress | B-11(a) | 202302 |
| | Total Fixed Assets | | 58710427 |
| | Investments | | |
| 420000000 | Investments | B-12 | 30000 |

| | | | |
|---|---|---|---|
| | Total Investments | | 30000 |
| | Current Assets,Loans and Advances | | |
| 430000000 | stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1662645 |
| 440000000 | Pre-paid Expenses | B-16 | 1374531 |
| 450000000 | Cash and Bank balance | B-17 | 11674819 |
| 460000000 | Loans, Advances and Deposits | B-18 | 616251 |
| | Total Current Assets,Loans and Advances | | 15328246 |
| | TOTAL ASSETS | | 74068673 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.